# STD - VIII

## അദ്ധ്യാപക സഹായി

## പാഠം - പന്ത്രണ്ട്   സഭയും ഇതരമതങ്ങളും   ഭാഗം - ഒന്ന്

### ലക്ഷ്യം

നമ്മുടെ സമൂഹത്തിൽ നമ്മുടെ മതംപോലെതന്നെ നിരവധി മതങ്ങളും ഉണ്ട്. മറ്റു മതങ്ങളിലെ ആദ്ധ്യാത്മികവും സാംസ്കാരികവുമായ മൂല്യങ്ങൾ കത്തോലിക്കാസഭ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ഇതര മതങ്ങളെക്കുറിച്ച് അറിയാനും അവരുടെ ആചാരാനുഷ്ഠാനങ്ങളെ ആദരിക്കാനും ഞാൻ തയ്യാറാകും.

### പഠനസഹായികൾ

* 2024 നവംബർ 30ന് വത്തിക്കാനിൽ നടന്ന സർവമത സമ്മേളന വാർത്തയും ഫോട്ടോയും
* ഇസ്ലാം മതത്തിന്റെ ആരാധനകേന്ദ്രമായ മോസ്ക് - ചിത്രം
* ഹൈന്ദവ മതത്തിന്റെ ആരാധനകേന്ദ്രം അമ്പലം - ചിത്രം

### പാഠത്തിന്റെ ഉള്ളടക്കം

* സകലത്തിന്റെയും ഉറവിടമായ ദൈവത്തിൽ എത്തിച്ചേരാനുള്ള വഴികളാണ് മതങ്ങൾ
* ലോകത്തിലെ ഏറ്റവും വലിയ മതം - ക്രൈസ്തവ മതമാണ്.
* ലോകത്തിലെ ഏറ്റവും പുരാതന മതം - യഹൂദമതം
* ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ മതം - ഇസ്ലാം മതം
* പരിശുദ്ധ ഖുറാൻ ആണ് ഇസ്ലാമിന്റെ മതഗ്രന്ഥം
* യേശുവിനെ ഒരു പ്രവാചകൻ മാത്രമായാണ് ഇസ്ലാം കരുതുന്നത്.
* വിഷ്ണു - ബ്രഹ്മാവ് - മഹേശ്വരൻ - ത്രിമൂർത്തിയായ ഈശ്വനെ ധ്യാനിച്ച് ആത്മസാക്ഷാത്ക്കാരം നേടുന്നതിനുള്ള മാർഗമാണ് ഹിന്ദുമതം
* വസുധൈവ കുടുംബം എന്നതാണ് ഹിന്ദുമതത്തിന്റെ മുഖമുദ്ര

### പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, ഇതര മതങ്ങളുടെ വിശ്വാസസത്യങ്ങളെ ആദരിച്ച് സമൂഹത്തിൽ പരസ്പര സ്നേഹത്തോടെ ജീവിക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്കു നൽകണമേ, ആമേൻ.

## ചോദ്യങ്ങൾ

1. എന്താണ് മതങ്ങളുടെ ലക്ഷ്യം?
2. ലോകത്തെ ഏറ്റവും വലിയ മതം ഏതാണ്?
3. യഹൂദമതവിശ്വാസത്തിന്റെ കാതൽ എന്താണ്?
4. ഇസ്ലാമിന്റെ മതഗ്രന്ഥം ഏതാണ്?
5. ഹിന്ദുമതത്തിന്റെ മുഖമുദ്ര എന്താണ്?

# STD - VIII

## അദ്ധ്യാപക സഹായി

## പാഠം - പന്ത്രണ്ട്      സഭയും ഇതരമതങ്ങളും      ഭാഗം - രണ്ട്

### ലക്ഷ്യം

ക്രൈസ്തവ വിശ്വാസത്തിൽ നിന്നുകൊണ്ടും, ക്രിസ്തീയ ജീവിതത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടും ഇതരമതസ്ഥരുമായി ക്രൈസ്തവർ സ്നേഹത്തിൽ ഏർപ്പെടണം. സഭ നമ്മെ പഠിപ്പിക്കുന്നതുപോലെ ക്രിസ്തുവിനെ ഏകരക്ഷകനും ജീവദാതാവുമായി സ്വീകരിച്ചുകൊണ്ട് ഇതരമതങ്ങളുമായി സഹകരിക്കാൻ ഞാൻ തയ്യാറാകും. പരസ്പരം സഹകരിച്ചുകൊണ്ട് പൊതുനന്മയ്ക്കായി പ്രവർത്തിക്കും.

### പഠനസഹായികൾ

* ബുദ്ധമത വിശ്വാസിയുടെ ചിത്രം - ഗൗതമബുദ്ധന്റെ ചിത്രം
* ജൈനമത വിശ്വാസിയുടെ ചിത്രം
* മറ്റു മതങ്ങളുടെ പേരുകൾ - ചാർട്ട്
* സർവ്വമത സമ്മേളനത്തിന്റെ ചിത്രം

### പാഠത്തിന്റെ ഉള്ളടക്കം

* ബുദ്ധമതം - അടിസ്ഥാനം ഗൗതമബുദ്ധൻ
* ബി.സി. ആറാം നൂറ്റാണ്ടിലാണ് ജൈനമതത്തിന്റെ ആരംഭം
* മനുഷ്യനെ നന്മയിലേക്കു നയിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുകയാണ് മതങ്ങളുടെ ധർമ്മം.
* മറ്റു മതങ്ങളിലെ മൂല്യങ്ങൾ കത്തോലിക്കാസഭ ആദരിക്കുന്നു.
* ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിലൂടെ ഇതരമതസ്ഥരേയും ദൈവാനുഭവത്തിലേക്കു നയിക്കുക എന്നതാണ് സഭയുടെ ലക്ഷ്യം.
* ദൈവത്തിന്റെ വചനം തന്നെയായ ക്രിസ്തുവാണ് എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കുള്ള ഏകമാർഗ്ഗം
* ഏകദൈവത്തിൽ വിശ്വസിച്ചുകൊണ്ടും ക്രിസ്തുവിനെ ഏകരക്ഷകനും ജീവദാതാവുമായി സ്വീകരിച്ചുകൊണ്ടും ഇതരമതങ്ങളുമായി സഭ സഹകരിക്കുന്നു.
* ഇതര മതസ്ഥരുമായി വിവേകത്തോടും സ്നേഹത്തോടും കൂടെ സംവാദം നടത്തണം.

## പ്രാർത്ഥന

കർത്താവായ ദൈവമേ, ക്രിസ്തുവിനെ ഏകരക്ഷകനായി സ്വീകരിച്ചുകൊണ്ട് ഇതര മതസ്ഥരോട് വിവേകത്തോടും സ്നേഹത്തോടും കൂടെ ഇടപഴകുവാൻ എന്നെ അനുഗ്രഹിക്കണമേ, ആമേൻ.

## ചോദ്യങ്ങൾ

1. മറ്റ് മതങ്ങളോടുള്ള സഭയുടെ സമീപനം എന്താണ്?
2. പ്രേഷിതപ്രവർത്തനം കൊണ്ട് സഭ ലക്ഷ്യമാക്കുന്നത് എന്ത്?
3. ഇതരമതങ്ങളോട് എങ്ങനെ സഹകരിക്കാനാണ് സഭ ആഗ്രഹിക്കുന്നത്?
4. കെ.സി.ബി.സി. എക്യുമെനിക്കൽ കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അന്വേഷിച്ച് കുറിപ്പ് തയ്യാറാക്കുക.
5. ജൈനമതത്തെക്കുറിച്ചും ബുദ്ധമതത്തെക്കുറിച്ചും ചെറിയ ഒരു കുറിപ്പ് എഴുതുക.